LIBRARY ARCHIVES Kerala Legislative Assembly

നദീ ഗവേഷണം

110 (3857) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) ഉണ്ട്. നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി ഗവേഷണം, ട്രെയിനിംഗ് ഇവ ശാസ്ത്രീയമായി നടത്തുന്നതിനായി റവന്യൂ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എറണാകുളം ആസ്ഥാനമായി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചും എറണാകുളം ജില്ലാ കളക്ടറെ പ്രസ്തുത സെന്റർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തി 4-12-2014-ലെ സ.ഉ.(എംഎസ്.) 503/14/റവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃക്കാക്കര നോർത്ത് വില്ലേജിൽ ബ്ലോക്ക് 5-ൽ റീ-സർവ്വേ 82/1-ൽപ്പെട്ട 43.75 ആർ സ്ഥലം ഈ ആവശ്യത്തിനായി കണ്ടെത്തിയിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സീറോ ലാൻഡ്‌ലെസ്സ് സ്കീം

111 (3858) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് ലെസ്സ് സ്കീം എന്നാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സീറോ ലാൻഡ് ലെസ്സ് സ്കീം ഒന്നാം ഘട്ടപ്രകാരം എത്ര പേർക്ക് ഭൂമി അനുവദിച്ചു, ജില്ലാടിസ്ഥാനത്തിൽ വിശദാംശം നല്കാമോ ;

(സി) സീറോ ലാൻഡ് ലെസ്സ് സ്കീം പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുകയുണ്ടായി ; വില്ലേജടിസ്ഥാനത്തിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 9-3-2012-ൽ പ്രഖ്യാപിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ഒന്നാം ഘട്ട പട്ടയ വിതരണം എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത വാർഷിക കുടുംബവരുമാനം 75,000 രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 36491 പേർക്ക് ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു:

ജില്ല	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	3181
കൊല്ലം	683
പത്തനംതിട്ട	506
ആലപ്പുഴ	256
കോട്ടയം	1309
ഇടുക്കി	1992
എറണാകുളം	1449
തൃശ്ശൂർ	510
പാലക്കാട്	2114
മലപ്പുറം	843
കോഴിക്കോട്	1550
വയനാട്	727
കണ്ണൂർ	11100
കാസർഗോഡ്	10271
ആകെ	36491

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയുടെ ഒന്നാം ഘട്ടമായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലുൾപ്പെട്ട 30 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. വില്ലേജ് അടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു:

വില്ലേജ്	എണ്ണം
കരിമ്പുഴ -1	23
കരിമ്പുഴ -2	2
ലക്കിടി പേരൂർ -2	4
ഒറ്റപ്പാലം -2	1
ആകെ	30

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-കൊയിലാണ്ടി മണ്ഡലത്തിലെ അപേക്ഷകർ

112 (3859) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി കോഴിക്കോട് ജില്ലാസമിതിക്ക് മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു പ്രസ്തുത അപേക്ഷകരിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ എത്ര; പ്രസ്തുത അപേക്ഷകരെക്കുറിച്ച് വിശദമായി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി; അവയിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷ തീർപ്പാക്കിയെന്ന് അപേക്ഷകരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ;

(സി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷ എത്ര; അതിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്നത് എത്ര; അപേക്ഷകരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-2015 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി കോഴിക്കോട് ജില്ലാതല അധികൃത സമിതി മുമ്പാകെ 261 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly